തലശ്ശേരിയിൽ നിന്നും പൊന്ന്യം പാലം-കതിരൂർവഴി പാന്നൂരിലേക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ്

80 (4240) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ നിന്നും പൊന്ന്യം പാലം-കതിരൂർ വഴി പാന്നൂരിലേയ്ക്ക് ഒരു കെ.എസ്.ആർ.ടി.സി. ബസ് അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് 29-7-2002-ൽ ഗതാഗത മന്ത്രിക്ക് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ ബസ് സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് എത്ര നിവേദനങ്ങൾ ലഭിച്ചു ; അവ ആരിൽ നിന്നൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ നിവേദനം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് 13-8-2002-ൽ കെ.എസ്.ആർ.ടി.സി. എം.ഡി. ക്ക് അയച്ചു കൊടുത്തിട്ടുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചുവെന്നും പ്രസ്തുത നിവേദനത്തിൽ പറയുന്ന റൂട്ടിൽ എന്നുമുതൽ ബസ് ഓടിത്തുടങ്ങുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് വർക്കിംഗ് സെക്രട്ടറി ശ്രീ. കെ. പി. യൂസഫിന്റെതായ ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഈ നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്ന റൂട്ടിൽ സർവ്വീസ് നടത്തുന്നതിനുള്ള സാദ്ധ്യതാ റിപ്പോർട്ട് കണ്ണൂർ യൂണിറ്റ് ആഫീസറിൽ നിന്ന് വാങ്ങുകയുണ്ടായി. ഈ റിപ്പോർട്ട് പരിശോധിച്ചതിൽ പ്രൈവറ്റ് ഓപ്പറേറ്റർമാർ ആധിപത്യം സ്ഥാപിച്ചിട്ടുള്ള പ്രസ്തുത റൂട്ടിൽ കണ്ണൂർ നിന്നും സർവ്വീസ് ആരംഭിക്കുന്നത് ലാഭകരമല്ല എന്നാണ് കാണുന്നത്. അതുകൊണ്ട് തലശ്ശേരിയിൽ ഓപ്പറേറ്റിംഗ് സെന്റർ നിലവിൽ വരുമ്പോൾ ഇക്കാര്യം പരിഗണിക്കുന്നതാണ്.

പരപ്പൻപൊയിലിൽ ടൗൺ-ടു-ടൗൺ സർവ്വീസുകൾക്ക് സ്റ്റോപ്പ്

81 (4241) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്-വയനാട് റോഡിൽ പരപ്പൻപൊയിൽ എന്ന സ്ഥലത്ത് കെ.എസ്.ആർ.ടി.സി. യുടെ ടൗൺ-ടു-ടൗൺ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly